Government of Kerala

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

No. KITE/ 2024/ Survey/ 1515 (2)  തീയതി : 29.02.2024

## സർക്കുലർ

വിഷയം:- കൈറ്റ് - ഹൈടെക് സ്കൂൾ പദ്ധതി - വാറണ്ടി അവസാനിച്ച ലാപ്ടോപ്പുകളുടെ വിവരശേഖരണം നടത്തുന്നതിനുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന:- 1. സ.ഉ.(സാധാ) നം 165/ 2018/ പൊ.വി.വ. തീയതി 10.01.2018.
2. കൈറ്റിന്റെ 31.05.2023-ലെ ഡയറക്ടർ ബോർഡ് യോഗത്തിന്റെ മിനിട്സ്.
3. സ.ഉ(സാധാ)നം.818/ 2023/ GEdn തീയതി 31.01.2023.
4. ഈ ഓഫീസിലെ 16.06.2023-ലെ KITE/ 2023/ Survey/ 1515 (2) നമ്പർ സർക്കുലർ.

ഹൈടെക് സ്കൂൾ പദ്ധതിയുടെ ഭാഗമായി സ്കൂളുകൾക്ക് നൽകിയ ഐ.ടി. ഉപകരണങ്ങൾക്ക് വാറണ്ടി അവസാനിക്കുന്നതനുസരിച്ച് AMC (Annual Maintenance Contract) ഏർപ്പെടുത്തുന്നതിന് സൂചന 2 പ്രകാരം തീരുമാനിച്ചിട്ടുണ്ട്. വാറണ്ടി പൂർത്തിയായ ലാപ്ടോപ്പുകൾക്ക് AMC ഏർപ്പെടുത്തുന്നതിനായി ലാപ്ടോപ്പുകളുടെ നിലവിലെ പ്രവർത്തനക്ഷമത കണ്ടെത്തുന്നതിനുള്ള വിവരശേഖരണം നടത്തുന്നതു സംബന്ധിച്ച നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. 'സമ്പൂർണ' വെബ്സൈറ്റിൽ AMC-Status Survey ൽ ഉൾപ്പെടുത്തിയ ലാപ്ടോപ്പുകളുടെ പ്രവർത്തനക്ഷമത സംബന്ധിച്ച വിവരം 07.03.2024 ന് മുമ്പ് അതത് സ്കൂൾ പ്രഥമാധ്യാപകരുടെ ഉത്തരവാദിത്തത്തിൽ ഉൾപ്പെടുത്തേണ്ടതാണ്.

***ഓൺലൈനിൽ ഉൾപ്പെടുത്തേണ്ട വിശദാംശങ്ങൾ***

*സമ്പൂർണയിൽ ലോഗിൻ ചെയ്യുമ്പോൾ AMC-യിൽ ഇപ്പോൾ ഉൾപ്പെടുത്തുന്ന ലാപ്ടോപ്പുകളുടെ വിവരം (SERIAL NUMBER) ലഭ്യമാകും. ഓരോ ലാപ്ടോപ്പും സമിതി പരിശോധിച്ച് പ്രവർത്തനക്ഷമമാണോ/അല്ലയോ എന്ന് രേഖപ്പെടുത്തേണ്ടതാണ്. നിലവിൽ പ്രവർത്തനക്ഷമമല്ലെങ്കിൽ തകരാറ് പരിഹരിക്കാൻ കഴിയുന്നവയാണോ/കേടുപാട് സംഭവിച്ചവയാണോ/മോഷണം/നഷ്ടപ്പെട്ടവ എന്നിവയും റിമാർക്കും രേഖപ്പെടുത്തേണ്ടതാണ്.*

2. ലാപ്ടോപ്പുകൾ ഓരോന്നും പരിശോധിച്ച് ഉറപ്പുവരുത്തിയശേഷം വിവരം ഓൺലൈനിൽ നൽകേണ്ടതാണ്. സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ, കൈറ്റ് മിസ്ട്രസ്/മാസ്റ്റർ, SITC, JSITC, HITC, VHITC എന്നിവരുടെ സേവനം ഇതിനായി സ്കൂൾ പ്രഥമാധ്യാപകർക്ക് പ്രയോജനപ്പെടുത്താവുന്നതാണ്.

3. സ്കൂൾ അധികൃതർ ഓൺലൈനിൽ ഉൾപ്പെടുത്തിയ വിവരങ്ങൾ കൈറ്റ് മാസ്റ്റർ ട്രെയിനർമാർ, ടെക്നിക്കൽ അസിസ്റ്റന്റുമാർ എന്നിവർ പരിശോധിക്കേണ്ടതും ഉറപ്പുവരുത്തേണ്ടതുമാണ്.

കെ. അൻവർ സാദത്ത്
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

എല്ലാ സർക്കാർ, എയ്ഡഡ് ഹൈസ്കൂൾ, ഹയർസെക്കൻഡറി/
വൊക്കേഷണൽ ഹയർസെക്കൻഡറി സ്കൂൾ പ്രഥമാധ്യാപകർക്കും (ജില്ലാ കോ-ഓർഡിനേറ്റർ മുഖേന)

പകർപ്പ്:
പൊതുവിദ്യാഭ്യാസ ഡയറക്ടർ - അറിവിലേക്ക്
എല്ലാ ആർഡിഡി/എഡി മാർക്കും
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ/ജില്ലാവിദ്യാഭ്യാസ ഓഫീസർമാർക്കും
കൈറ്റിലെ എല്ലാ ജില്ലാകോർഡിനേറ്റർമാർ/മാസ്റ്റർ ട്രെയിനർ/ടെക്നിക്കൽ അസിസ്റ്റന്റുമാർക്കും
സ്റ്റോക് ഫയൽ